ഭവനശ്രീ പദ്ധതി

128 [133] ശ്രീ. ചെർക്കളം അബ്ദുള്ള:
,, പി. കെ. അബ്ദുറബ്ബ്:
,, കളത്തിൽ അബ്ദുള്ള:
,, ടി. പി. എം. സാഹിർ:
,, കെ. എൻ. എ. ഖാദർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭവനശ്രീ പദ്ധതി നടപ്പിലാക്കിയത് എപ്പോഴാണ്;

(ബി) കഴിഞ്ഞ സർക്കാരിന്റെ കാലത്ത് ഇതിലേക്കായി എത്ര അപേക്ഷകൾ ലഭിച്ചിരുന്നു;

(സി) ഈ വർഷം ആകെ എത്ര വീടുകളാണ് ഭവനശ്രീ പദ്ധതിയിലൂടെ നൽകാൻ കഴിയുന്നതെന്നു വെളിപ്പെടുത്തുമോ?

ഉത്തരം

(എ) 2003 മാർച്ച് 21-ാം തീയതി ചേർന്ന സംസ്ഥാനതല ബാങ്കേഴ്സ് സമിതി യോഗം ഭവനശ്രീ പദ്ധതി പരിഗണിക്കുകയും, അംഗീകാരം നൽകുകയുമുണ്ടായി. പദ്ധതിയുടെ ഔപചാരികമായ ഉത്ഘാടനം 2003 ജൂൺ മാസം 7-ാം തീയതി നടന്നു.

(ബി) 1200 അപേക്ഷകൾ.

(സി) ഈ വർഷം ഏകദേശം 50,000 പേർക്ക് ഭവനശ്രീ പദ്ധതിയിലൂടെ വായ്പ നൽകാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

കോഴിക്കോട് മെഡിക്കൽ കോളേജിലെ സൂപ്പർ സ്പെഷ്യാലിറ്റി ബ്ലോക്കിന്റെ നിർമ്മാണം

129 [134] ശ്രീ. പി. ശങ്കരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് മെഡിക്കൽ കോളേജിലെ സൂപ്പർ സ്പെഷ്യാലിറ്റി ബ്ലോക്കിന്റെ നിർമ്മാണം എന്ന് പൂർത്തിയാകുമെന്ന് വ്യക്തമാക്കാമോ;

(ബി) ഫണ്ടിന്റെ അപര്യാപ്തത മൂലമാണോ നിർമ്മാണം പൂർത്തിയാക്കാത്തതെന്ന് വ്യക്തമാക്കാമോ;

(സി) നിർമ്മാണം പൂർത്തിയാക്കുന്നതിന് ആവശ്യമായ ഫണ്ട് അനുവദിയ്ക്കാൻ നടപടി സ്വീകരിയ്ക്കുമോ?

ഉത്തരം

(എ) 2005 വർഷാവസാനം ഇതിന്റെ നിർമ്മാണം പൂർത്തീകരിക്കണമെന്നാണ് ഉദ്ദേശിക്കുന്നത്.

(ബി) ഫണ്ടിന്റെ അപര്യാപ്തതയില്ല.

(സി) ബാധകമല്ല.

LIBRARY ARCHIVES Kerala Legislative Assembly